## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5455**

**24.05.2017 ൽ മറുപടിക്ക്**

### ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവ് മൂലം ഭരണ രംഗം നേരിടുന്ന പ്രതിസന്ധി

**ചോദ്യം:**
**ശ്രീ. പാറക്കൽ അബ്ദുല്ല**

**ഉത്തരം :**
**ശ്രീ. പിണറായി വിജയൻ**
**(ബഹു: മുഖ്യമന്ത്രി)**

| ചോദ്യം | ഉത്തരം |
| --- | --- |
| **(എ)** സംസ്ഥാനത്ത് ആകെ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ തസ്തികകളുണ്ട്; ഇതിൽ എത്ര തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്; | **(എ)** സംസ്ഥാന കേഡറിൽ ആകെ അനുവദിക്കപ്പെട്ട ഐ.എ.എസ് തസ്തികകളുടെ എണ്ണം 231 ആണ്. ആകെ അനുവദനീയമായ തസ്തികകളിൽ നിലവിൽ 89 ഉദ്യോഗസ്ഥരുടെ കുറവുണ്ട്. |
| **(ബി)** ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവ് ഭരണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നതായ സാഹചര്യമുണ്ടോ; | **(ബി)** ഇല്ല. സംസ്ഥാനത്ത് ഐ.എ.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകി കുറവ് താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. |
| **(സി)** എങ്കിൽ കേരള കേഡറിൽ കൂടുതൽ ഐ.എ.എസ്. കാരെ ആവശ്യമുണ്ടെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(സി)** ഉണ്ട്. നേരിട്ടുള്ള നിയമനത്തിൽ കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും കൂടുതൽ ഐ.എ.എസ് ഉദ്യോഗസ്ഥരെ സംസ്ഥാന കേഡറിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| **(ഡി)** കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രൂപീകരണം ഇതിനു പരിഹാരമായി കാണുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | **(ഡി)** കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രൂപീകരണം മുഖേന മധ്യതല സംവിധാനം ശക്തിപ്പെടുത്തുന്നതിനും കഴിവുറ്റ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേക്ക് ആകർഷിക്കുന്നതിനും കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ